**പത്രക്കുറിപ്പ്**


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com


03.12.2021

# ബാലന് ചികിത്സ നൽകുന്നതിൽ വീഴ്ച ഡോക്ടറുടെ ശമ്പളത്തിൽ നിന്നും 50,000 രൂപ നഷ്ടപരിഹാരം നൽകണം

**-ബാലാവകാശ കമ്മീഷൻ**

ചികിത്സ തേടി വൈത്തിരി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെത്തിയ കുട്ടിക്ക് ചികിത്സ നൽകുന്നതിൽ വീഴ്ച വരുത്തിയ ഡോക്ടറുടെ ശമ്പളത്തിൽ നിന്നും 50,000 രൂപ നഷ്ടപരിഹാരം നൽകാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. അനുവദിക്കുന്ന തുക കുട്ടിക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നും തികഞ്ഞ ബാലാവകാശ ലംഘനം നടന്നതായി വിലയിരുത്തിയ കമ്മീഷൻ കുട്ടിയുടെ പ്രായവും അവന്റെ ഭാവിയെ ബാധിക്കുന്ന തരത്തിലുള്ള നഷ്ടവും പരിഗണിച്ച് അംഗങ്ങളായ കെ. നസീർ, ബി. ബബിത എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് നഷ്ട പരിഹാരം നൽകാൻ ഉത്തരവായത്.

താലൂക്ക് ആശുപത്രി ഡോക്ടർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും പരാതിക്കാരന്റെ ആരോപണങ്ങളും സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കാനും ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, വൈത്തിരി താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

2019 ഡിസംബർ 5 രാത്രി കുട്ടിയെ വൃഷ്ണ സംബന്ധമായ അസുഖത്തെ തുടർന്ന് വൈത്തിരി താലൂക്ക് ആശുപത്രി കാഷ്വാലിറ്റിയിൽ കാണിച്ചു. മകന് കലശലായ വേദനയുണ്ടായിരുന്നിട്ടും ഡോക്ടർ ശരിക്കു പരിശോധിക്കാതെ ഗുളികയും ഇഞ്ചക്ഷനും നൽകി സ്റ്റാഫ് നേഴ്സിനോട് കുട്ടിയെ നോക്കാൻ പറഞ്ഞു. കുട്ടിയുടെ പിതാവിനെ രോഗത്തിന്റെ ഗൗരവം അറിയിച്ചില്ല. ഉടനെ സർജറി ചെയ്യാൻ പറ്റുന്ന ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തിരുന്നെങ്കിൽ മകന് ഈ അവസ്ഥ വരില്ലായിരുന്നു. ഡോക്ടറുടെ നിരുത്തരവാദപരമായ സമീപനത്തിൽ മകന് നഷ്ടപ്പെട്ടത് അവന്റെ ഭാവിയും ഏറ്റവും പ്രധാനപ്പെട്ട അവയവവുമാണ്. ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ടാണ് കുട്ടിയുടെ അച്ഛൻ കമ്മീഷനെ സമീപിച്ചത്.

പബ്ലിക് റിലേഷൻസ് ഓഫീസർ